(ഡി) നിലവിലുള്ള മുനിസിപ്പാലിറ്റീസ് നിയമമനുസരിച്ച് മുനിസിപ്പാലിറ്റിയുടെ വൈസ് ചെയർമാൻ ആരുടെ മുമ്പിലാണ് സത്യപ്രതിജ്ഞ ചെയ്യേണ്ടത്;

(ഇ) മുനിസിപ്പാലിറ്റീസ് നിയമത്തിലെ വ്യവസ്ഥകളനുസരിച്ചല്ലാതെ സത്യപ്രതിജ്ഞ ചെയ്യുന്നത് സാധുവാണോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 1995-ലെ കേരള മുനിസിപ്പാലിറ്റി (ചെയർപേഴ്സന്റെയും ഡെപ്യൂട്ടി ചെയർപേഴ്സന്റെയും തെരഞ്ഞെടുപ്പ്) ചട്ടങ്ങളിലെ വ്യവസ്ഥകളും നടപടിക്രമങ്ങളും പൂർണ്ണമായും പാലിച്ചു വേണം തെരഞ്ഞെടുപ്പ് നടത്തേണ്ടതെന്നും തെരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിച്ചു കഴിഞ്ഞാലുടൻ ചെയർപേഴ്സൺ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 143(2)-ാം വകുപ്പനുസരിച്ച് സർക്കാർ ഇതിനായി അധികാരപ്പെടുത്തിയ വരണാധികാരി മുമ്പാകെയും ഡെപ്യൂട്ടി ചെയർപേഴ്സൺ ചെയർപേഴ്സൺ മുമ്പാകെയും സത്യപ്രതിജ്ഞയോ ദൃഢപ്രതിജ്ഞയോ ചെയ്യേണ്ടതാണെന്ന് നിർദ്ദേശം സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുണ്ട്. കൂടാതെ ഉദ്യോഗത്തിൽ പ്രവേശിക്കുന്നതിന് മുമ്പ് 1995-ലെ കേരള മുനിസിപ്പാലിറ്റി (കൗൺസിലർമാർ, ചെയർപേഴ്സൺ, ഡെപ്യൂട്ടി ചെയർപേഴ്സൺ എന്നിവരുടെ സത്യപ്രതിജ്ഞ) ചട്ടം 4(2) പ്രകാരം സത്യപ്രതിജ്ഞയോ ദൃഢപ്രതിജ്ഞയോ ചെയ്യേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) തെരഞ്ഞെടുപ്പ് സംബന്ധിച്ച് നിലവിലുള്ള നിയമങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്ത സംഗതികളിൽ, ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത രീതിയിൽ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിന് ഇന്ത്യൻ ഭരണഘടനയിലെ 243(കെ) അനുച്ഛേദപ്രകാരം തെരഞ്ഞെടുപ്പ് കമ്മീഷന് അധികാരമുണ്ട്.

(ഡി) നിലവിലുള്ള നിയമമനുസരിച്ച് വൈസ് ചെയർമാൻ ചെയർമാന്റെ മുമ്പാകെയാണ് സത്യപ്രതിജ്ഞ ചെയ്യേണ്ടത്.

(ഇ) നിലവിലുള്ള 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമപ്രകാരം സാധുവല്ല. എന്നാൽ നഗരസഭാ വൈസ് ചെയർമാൻ വരണാധികാരി മുമ്പാകെ സത്യപ്രതിജ്ഞ ചെയ്തതിന്റെ സാധുത സംബന്ധിച്ച തർക്കം ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഡിവിഷൻ ബഞ്ച് മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള ഡബ്ല്യു.എ. നമ്പർ 2531/2005, ഡബ്ല്യുഎ. 2408/2005 എന്നീ റിട്ട് അപ്പീൽ ഹർജികളിൽ കോടതിയുടെ പരിഗണനയിലാണ്.

തിരുവനന്തപുരം നഗരവികസന പദ്ധതികൾ

61 (242) ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് തിരുവനന്തപുരം നഗര വികസനത്തിന് ഏതെല്ലാം പദ്ധതികൾ നടപ്പാക്കി; അതിന് എന്തു തുക ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് തിരുവനന്തപുരം നഗരവികസനത്തിന് ഏതെല്ലാം പദ്ധതികൾ നടപ്പാക്കി വരുന്നു; അതിന്റെ ചെലവെത്ര എന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

സുസ്ഥിര നഗരവികസന പദ്ധതിക്ക് എ.ഡി.ബി. വായ്പ

62 (243) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കോർപ്പറേഷനുകളിൽ എ.ഡി.ബി. വായ്പ വാങ്ങുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) സുസ്ഥിര നഗരവികസന പദ്ധതിക്ക് എ.ഡി.ബി. വായ്പ എന്നാൽ എന്താണ്;

(സി) ഈ പദ്ധതികൊണ്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ഡി) ഇതിനായി എ.ഡി.ബി. നൽകുന്ന വായ്പ തുക എത്രയാണ്; ഈ വായ്പ നൽകുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്;

(ഇ) സംസ്ഥാനത്തെ കോർപ്പറേഷനുകൾ എ.ഡി.ബി. മുന്നോട്ട് വച്ച വ്യവസ്ഥകൾ അംഗീകരിച്ചിട്ടുണ്ടോ;

(എഫ്) ഇത് സംബന്ധിച്ച കോർപ്പറേഷനുകളുടെ അഭിപ്രായങ്ങൾ വ്യക്തമാക്കുമോ;

(ജി) ഈ കരാറിൽ സംസ്ഥാന സർക്കാരിന് വേണ്ടി ആരൊക്കെയാണ് ചർച്ചകളിൽ പങ്കെടുത്തിട്ടുള്ളത്; ഈ വായ്പ ഇൗടാക്കുന്ന പലിശ എത്രയാണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തീരുമാനിച്ചിട്ടുണ്ട്.

(ബി&സി) നഗരസഭകളുടെ അടിസ്ഥാന വികസനത്തിലൂന്നിയുള്ള സാമ്പത്തിക സാമൂഹിക ഉന്നമനം, പരിസ്ഥിതി സന്തുലനം, ദാരിദ്ര്യ നിർമ്മാർജ്ജനം, നഗരഭരണ കാര്യക്ഷമത വർദ്ധിപ്പിക്കൽ, ശുദ്ധജല വിതരണം, നഗരഗതാഗത സംവിധാനം എന്നിവയുടെ മെച്ചപ്പെടുത്തൽ, ഖരമാലിന്യ/മലിനജല സംസ്കരണം, അഴുക്കു ചാലുകൾ, ഉറവകൾ എന്നിവകൾ വൃത്തിയാക്കൽ തുടങ്ങിയ സമഗ്ര വികസനമാണ് എ.ഡി.ബി. സഹായത്തോടെയുള്ള കേരള സുസ്ഥിര നഗരവികസന പദ്ധതി വിഭാവനം ചെയ്യുന്നത്.

(ഡി) പദ്ധതി അടങ്കൽ തുകയായ 316.10 ദശലക്ഷം ഡോളറിൽ 70%, അതായത് 222.20 ദശലക്ഷം ഡോളർ എ.ഡി.ബി. വായ്പയായി ലഭ്യമാക്കുന്നതാണ്. വായ്പ ലഭിച്ച് അഞ്ചു വർഷത്തിനുശേഷം 20 വർഷത്തിനുള്ളിൽ പലിശ സഹിതം തിരിച്ചടയ്ക്കണമെന്നതാണ് വ്യവസ്ഥ.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly